(9.34-ന് നിർത്തിവച്ച സഭ 11.35-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ... മാർച്ച് 13-ാം തീയതി സഭയിലുണ്ടായ ദൗർഭാഗ്യകരമായ പ്രശ്നങ്ങളെ സംബന്ധിച്ച് ചെയർ ഇരുഭാഗത്തുമുള്ള കക്ഷി നേതാക്കൻമാരുമായി ദീർഘമായി സംസാരിക്കുകയുണ്ടായി. എന്നാലും ഇതു സംബന്ധിച്ച് യോജിച്ച ഒരു തീരുമാനത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഖേദപൂർവ്വം അറിയിക്കുന്നു. ഈ സാഹചര്യത്തിൽ ഗവൺമെന്റ് ഭാഗത്തുനിന്നും പ്രമേയം അവതരിപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്ഷണിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒട്ടും സന്തോഷകരമായ ഒരു കടമ നിർവ്വഹിക്കുവാനല്ല ഞാൻ ഇവിടെ നിൽക്കുന്നത്. വളരെ പ്രയാസത്തോടു കൂടിയിട്ടുള്ള ഒരു കടമ നിർവ്വഹിക്കുവാനാണ് ഞാൻ ഇവിടെ നിൽക്കുന്നത്. ....... (ബഹളം)...........13-ാം തീയതി ഇവിടെ നടന്ന സംഭവം നമുക്ക് മാത്രമല്ല, കേരളത്തിന് ആകെ നാണക്കേടുണ്ടാക്കിയതാണ്, ....... (ബഹളം)..........ലോകമെമ്പാടുമുള്ള മലയാളികൾ............. നാണം കെട്ട സാഹചര്യമാണ് ഉണ്ടാക്കിയത്. നീണ്ട ഈ നിയമസഭയുടെ ചരിത്രത്തിൽ ഇന്നു

വരെ ഉണ്ടായിട്ടില്ലാത്ത സംഭവമാണ് ഇവിടെ ഉണ്ടായത്. .......(ബഹളം)........... ജനാധിപത്യത്തിൽ പ്രതിഷേധിക്കാം, പക്ഷെ ആ പ്രതിഷേധത്തിന് പരിമിതികളുണ്ട്, പരിധിയുണ്ട്, മിതത്വമുണ്ട്. അതെല്ലാം മറന്നുകൊണ്ട്,.... ഈ ലോകം മുഴുവൻ കണ്ട ഏറ്റവും നിർഭാഗ്യകരമായ സംഭവമായിപ്പോയി. ഇന്ന് ഭരണകക്ഷിയിൽപ്പെട്ട എം. എൽ. എ. മാരുടെ പേരിൽ ആക്ഷേപം പറയുന്നു, 13-ാം തീയതി പറഞ്ഞില്ല. .......(ബഹളം)........... പ്രതിപക്ഷ നേതാവ് അന്ന് അങ്ങേക്ക് കത്തെഴുതി തന്നു, അതിനകത്ത് ഭരണകക്ഷി എം.എൽ.എ. മാരെക്കുറിച്ച് ഒരു ആക്ഷേപവും പറയുന്നില്ല. ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ. യും ഡയസ്സിൽ കയറിയിട്ടില്ല. ഒരു എം.എൽ.എ. യും ഇവിടം വിട്ട് അങ്ങോട്ട് പോയിട്ടില്ല. അവരെല്ലാം ഭരണകക്ഷിയുടെ ആ സീറ്റിനടുത്തല്ലാതെ വേറെ ഒരിടത്തേയ്ക്കും പോയിട്ടില്ല. നിങ്ങൾ എന്തു പറഞ്ഞാലും ലോകം മുഴുവൻ ഇത് കണ്ടതാണ്. ഇനിയും നിങ്ങൾക്ക് തർക്കമുണ്ടെങ്കിൽ നമുക്ക് ഒന്നിച്ചിരുന്ന് ആ വിഷ്വൽസ് കാണാം. ഒരു തെറ്റും ചെയ്യാത്തവരെ വൈകിവന്ന വിവേകത്തിന്റെ പേരിൽ ആക്ഷേപിക്കുവാനായിട്ടാണ് ശ്രമിക്കുന്നത്. ഞാൻ കൂടുതലായി ഒന്നും

പറയുന്നില്ല, അന്നത്തെ സംഭവം എങ്ങനെ എന്ന് നിങ്ങൾ ഒന്നു വിലയിരുത്തണം. നിങ്ങളുടെ അനുയായികളോട് ചോദിക്ക്, 13-ാം തീയതി ഇവിടെ നടന്ന സംഭവത്തെക്കുറിച്ചുള്ള ജനങ്ങളുടെ പ്രതികരണം, അനുയായികളോട് നിങ്ങൾ ഒന്നു ചോദിച്ചേ? നിങ്ങൾ ഈ സമീപനമാണ് സ്വീകരിക്കുവാൻ പോകുന്നതെങ്കിൽ, ഇല്ലാത്ത കഥകൾ കെട്ടിച്ചമച്ച് ആരെയെങ്കിലും കുറ്റപ്പെടുത്തുവാനാണ് ശ്രമിക്കുന്നതെങ്കിൽ നിങ്ങൾ ഇനിയും കൂടുതൽ നാണംകെടും എന്നു മാത്രമേ എനിയ്ക്ക് പറയുവാനുള്ളൂ. ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു. “13-03-2015- ൽ സഭാ സമ്മേളനം ആരംഭിക്കുന്നതിന് മുൻപ് സർവ്വശ്രീ. ഇ.പി. ജയരാജൻ, വി. ശിവൻകുട്ടി, ഡോ. കെ.റ്റി. ജലീൽ, കെ. കുഞ്ഞമത് മാസ്റ്റർ, കെ. അജിത് എന്നീ അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിൽ അനധികൃതമായി അതിക്രമിച്ച് കടക്കുകയും, അദ്ദേഹത്തിന്റെ മേശപ്പുറത്തുള്ള കമ്പ്യൂട്ടർ, മൈക്ക് മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ, എമർജൻസി ലാമ്പ് എന്നിവയും, പരമോന്നതമായ സ്പീക്കറുടെ കസേരയും നശിപ്പിക്കുകയും, ഫയലുകളും കടലാസുകളും ബലാൽക്കാരമായി എടുത്ത് എറിയുകയും, സ്പീക്കറെ ഡയസ്സിൽ പ്രവേശിക്കുന്നതിൽ നിന്ന് ബലാൽക്കാരമായി

തടയാൻ ശ്രമിക്കുകയും ചെയ്തു. ഇത് സഭാദ്ധ്യക്ഷനോടും, സഭയോടുമുള്ള കടുത്ത അനാദരവും, അച്ചടക്ക രാഹിത്യവും, നിയമസഭാ അംഗങ്ങളുടെ പെരുമാറ്റചട്ടത്തിന്റെ ലംഘനവുമാണ്. ആയതിനാൽ മേൽപ്പറഞ്ഞ അഞ്ച് അംഗങ്ങളേയും ഇന്നുമുതൽ ഈ സഭാസമ്മേളനം അവസാനിക്കുന്നതുവരെ സഭയിൽ നിന്ന് സസ്പെൻഡ് ചെയ്യാൻ ഈ സഭ തീരുമാനിക്കുന്നു" .......(ബഹളം)...........

<u>മി.സ്പീക്കർ</u>: പ്രമേയത്തെ പിൻതാങ്ങേണ്ടതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>): ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

<u>മി.സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ.വി.എസ്.അച്ചുതാനന്ദൻ) </u>: മുഖ്യമന്ത്രിയുടെ ഈ നിർദ്ദേശത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഏകപക്ഷീയമായ നടപടിയാണിത്. വനിതാ എം.എൽ.എ.മാരെ ****[*] പീഡിപ്പിച്ചവർക്കെതിരെ യാതൊരു നടപടിയുമില്ല. സ്ത്രീത്വത്തിന് സംരക്ഷണം നൽകാൻ കഴിയാത്ത

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കംചെയ്തു.

മുഖ്യമന്ത്രിയാണ് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. കേരള നിയമസഭയെ ഇത്ര പരിഹാസ്യമാക്കിയതിന്റെ മുഴുവൻ ഉത്തരവാദിത്വവും ധനകാര്യ വകുപ്പുമന്ത്രി മാണിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്കും ഈ സർക്കാരിനുമാണ്. ബഡ്ജറ്റ് വിറ്റ് കോഴവാങ്ങിയ മാണി ബഡ്ജറ്റവതരിപ്പിക്കാൻ പാടില്ലായെന്ന നിലപാട് എടുക്കുക മാത്രമാണ് പ്രതിപക്ഷം ചെയ്തത്. ബഡ്ജറ്റ് വിൽക്കുകയെന്ന് പറഞ്ഞാൽ കേരളത്തിലെ മൂന്നരക്കോടിയോളം വരുന്ന ജനങ്ങളെ വിൽക്കുയാണെന്നാണ് അർത്ഥം. ഇത്തരത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത കൈക്കൂലിയും കോഴയും വാങ്ങി ഞെളിഞ്ഞ് നടക്കുന്ന മാണി നിയമസഭയ്ക്ക് മാത്രമല്ല കേരളത്തിനാകെ തീർത്താൽ തീരാത്ത കളങ്കമാണ്. അഴിമതികളിൽ ആറാടി കഥാകഥനം കഴിക്കുന്ന ഉമ്മാൻചാണ്ടിക്കും കൂട്ടർക്കും ഇത് നാണക്കേടാണെന്ന് തോന്നുന്നില്ലെങ്കിലും അഭിമാനബോധമുള്ള കേരളീയർക്ക് അത് അംഗീകരിക്കാനാകില്ല. ഈ പശ്ചാത്തലത്തിൽ പ്രതിപക്ഷം പല തവണ ആവർത്തിച്ച് മുന്നറിയിപ്പ് നൽകിയിരുന്നതാണ്. അഴിമതിവീരൻ മാണിയെക്കൊണ്ട് ബഡ്ജറ്റ് അവതരിപ്പിക്കാൻ ശ്രമിച്ചാൽ ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉമ്മൻചാണ്ടിയും മാണിയും സർക്കാരുമായിരിക്കും ഉത്തരവാദി എന്ന്.

അഴിമതിയുടെ ദുർമേദസ്സുമായി നടക്കുന്ന മാണിയെക്കൊണ്ടുതന്നെ ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന ദുർവാശി എന്തിനായിരുന്നു? എന്നിട്ട് നിങ്ങൾ ബഡ്ജറ്റ് അവതരിപ്പിച്ചോ? ബഡ്ജറ്റ് വായിക്കുന്നുവെന്ന് പറഞ്ഞ ഒരു ****[*] സംഘത്തിന്റെ നടുവിൽ, വാച്ച് ആന്റ് വാർഡ് എന്ന പേരിൽ അവതരിപ്പിച്ച പോലീസുകാരുടെ വലയത്തിൽ നിന്നുകൊണ്ട് എന്തോ ചിലതൊക്കെ കൂവിവിളിക്കുകയായിരുന്നില്ലേ? ഇതിനെയാണോ ബഡ്ജറ്റവതരണം എന്ന് പറയുന്നത്? അങ്ങടക്കം നമ്മുടെ നിയമസഭയുടെ മഹത്തായ പാരമ്പര്യത്തെപ്പറ്റി എപ്പോഴും വാചാലനാകുന്നത് കേട്ടിട്ടില്ലേ? ആറ് പതിറ്റാണ്ടോടടുക്കുന്ന ഈ സഭയിൽ എത്രയോ ധനമന്ത്രിമാർ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നു. മാണിതന്നെ 13-ാമത്തെ ബഡ്ജറ്റാണിതെന്ന് പറയുന്നു. അങ്ങനെയായിരുന്നോ മുൻകാലങ്ങളിൽ ബഡ്ജറ്റവതരിപ്പിച്ചിരുന്നത്? ബഡ്ജറ്റവതരണമെന്ന പേരിൽ ഒരു ഹാസ്യകലാപ്രകടനം നടത്തുകയായിരുന്നില്ലേ? മാർച്ച് 13-ന് സഭയിലുണ്ടായ കാര്യങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഗവർണർ ഒരു പത്രക്കുറിപ്പ് ഇറക്കിയിരുന്നില്ലേ? അതിൽ എന്താണ്

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

പറയുന്നത്? It is for the Speaker to call the House in order എന്നാണ്. ബഹുമാന്യനായ അങ്ങേയ്ക്ക് നിയമസഭ മാർച്ച് 13-ന് ചേർന്നത് ഓർഡറിലാണെന്ന് ചങ്കിൽ കൈവച്ച് പറയാനാകുമോ? കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ആറാം അദ്ധ്യായത്തിൽ, സഭയുടെ യോഗം ചേരൽ എപ്പോൾ ക്രമപ്രകാരമാകുന്നുവെന്ന് പറയുന്നുണ്ട്. ഇത് അങ്ങയെ വായിച്ച് കേൽപ്പിക്കേണ്ടിവരുന്നതിൽ എനിക്ക് അത്യധികമായ വ്യസനമുണ്ട്. സ്പീക്കറോ അല്ലെങ്കിൽ ഭരണഘടനയോ ഈ ചട്ടങ്ങളോ പ്രകാരം സഭായോഗത്തിൽ അദ്ധ്യക്ഷത വഹിക്കുവാനുള്ള മറ്റംഗമോ അദ്ധ്യക്ഷം വഹിക്കുമ്പോൾ സഭയുടെ യോഗം ക്രമപ്രകാരമായി ചേരുന്നതാണ്. ഇതാണ് സഭയുടെ യോഗം ചേരൽ സംബന്ധിച്ച ചട്ടം പറയുന്നത്. ****[*]എല്ലാറ്റിലും സഭയുടെ ദൃശ്യങ്ങളുണ്ടല്ലോ? ആ ദൃശ്യങ്ങളിൽ എവിടെനിന്നെങ്കിലും **** ഒന്ന് കാണിച്ച് തരാമോ? **** മാണി ഔദ്യോഗിക വസതിയിൽ നിന്നുതന്നെ വന്ന് ബഡ്ജറ്റവതരിപ്പിക്കുമെന്ന് വാശിപിടിച്ചത് എന്താണെന്നറിയാമോ, പാലായിലെ വീട്ടിൽ സൂക്ഷിക്കുന്ന നോട്ടെണ്ണൽ യന്ത്രം അവിടെ നിന്ന് ഇവിടെ 'പ്രശാന്തി'യിലേയ്ക്ക്

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

കൊണ്ടുവന്നുവച്ചിരിക്കുകയാണല്ലോ. കാരണം, മാണിയുടെ മനസ്സിൽ മാത്രമല്ല, മാനത്തു പോലും വിരിയുന്ന കാര്യങ്ങൾ അറിയുന്ന ആർ. ബാലകൃഷ്ണപിള്ള നേരത്തെ പറഞ്ഞത് രാവിലെ ആറര മണിക്ക് മുമ്പ് വീട്ടിൽച്ചെന്ന് കണ്ടാൽ എന്ത് കാര്യവും സാധിക്കാമെന്നാണ്. മാണി വീട്ടിൽ നിന്നേ വരൂയെന്ന് പറഞ്ഞതിന്റെ ഗുട്ടൻസ്, ഗുട്ടൻസ് അതല്ലേ. മാർച്ച് 13-ന് മാണിയും കൂട്ടരും എന്തൊക്കെയാണ് സഭയിൽ കാട്ടിക്കൂട്ടിയത്. ബഡ്ജറ്റ് അവതരണം കുട്ടിക്കളിയാണോ? മാണിക്ക് വയസ്സ് പത്തെമ്പത്തിരണ്ട് ആയെന്നാണ് തോന്നുന്നത്. അതിന്റെ പക്വതയെങ്കിലും കാണിക്കണ്ടേ? ബഡ്ജറ്റെന്ന് പറഞ്ഞ് എന്തൊക്കെയോ ****[*] ചുറ്റും കൂടി നിന്ന് കുറെ എം.എൽ.എ.മാർ അട്ടഹസിക്കുന്നു, എന്തൊക്കെയോ പുലമ്പുന്നു. മന്ത്രി ശ്രീ. രമേശ് ചെന്നിത്തലയും മുൻ മന്ത്രി ശ്രീ. മോൻസ് ജോസഫും നെഹ്റു ട്രോഫി ജല മേളയിൽ ചുണ്ടൻ ഫൈനൽ മത്സരത്തിൽ ഫിനിഷിംഗ് പോയിന്റിലേയ്ക്ക് പായുമ്പോൾ കൈയടിച്ച് തുള്ളുന്നതുപോലെ ... കൈയടിച്ച് തുള്ളുന്നതുപോലെ ... തുള്ളുന്നതല്ലേ നാം കണ്ടത്. എന്ത് കഷ്ടമാണിത്? ഈ മന്ത്രിയും മുൻ മുഖ്യമന്ത്രിയും എം.എൽ.എ. മാരുമൊക്കെ കുട്ടിയും കോലും കളിക്കുന്ന പ്രായക്കാരണോ? പിന്നെ

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

എന്താണ് നടക്കുന്നത്? മാണിയെന്ന വൃദ്ധന്റെ കവിളിൽ മന്ത്രിമാരും എം.എൽ.എ.മാരും തുരുതുരാ ചുംബിക്കുന്നു. ****[*] ചുംബന സമരമാണോ? **** ഉല്ലസിച്ചുനടക്കേണ്ട പ്രായമാണോ ഇവർ തമ്മിലുള്ളത്. മിസ്റ്റർ മാണിക്ക് ** വയ്ക്കുന്നു. കുറച്ച് ആഴ്ചകൾക്കു മുമ്പ് പരസ്യമായി ചുംബനസമരം നടത്തിയവരെ അറസ്റ്റ് ചെയ്തത് ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസുകാരായിരുന്നില്ലേ? അങ്ങനെയെങ്കിൽ ഇവിടെ നിയമസഭാവേദിയെ പരസ്യമായി ചുംബന വേദിയാക്കിയതിന് അപ്പോൾത്തന്നെ മാണിയേയും കൂട്ടരേയും കൈവിലങ്ങ് വയ്ക്കേണ്ടതായിരുന്നില്ലേ? മാണിയുടേയും സിൽബന്തികളുടേയും പരസ്യ ചുംബനം ഇരട്ടി നിയമലംഘനമാണ്. പുരുഷൻ പുരുഷനെത്തന്നെ ചുംബിക്കുന്നു. **** മാണിക്കും കൂട്ടർക്കുമെതിരെ കേസ്സെടുക്കേണ്ടതാണ്. **** ഞങ്ങൾക്ക് ദു:ഖമുണ്ട്. അങ്ങയുടെ തൊട്ട് മുമ്പിലത്തെ സ്പീക്കർ അന്തരിച്ച ജി. കാർത്തികേയനെയെങ്കിലും ചുരുങ്ങിയ പക്ഷം ഒന്ന് ഓർക്കേണ്ടതായിരുന്നു. ജി. കാർത്തികേയന്റെ മരണത്തിൽ ഒരാഴ്ചത്തെ ദു:ഖാചരണം പ്രഖ്യാപിച്ച ഈ സർക്കാരല്ലേ ആ ദു:ഖാചരണം തീരുന്നതിനുമുമ്പ് സഭയിൽ ലഡ്ഡു വിതരണം ചെയ്തത്...... ലഡ്ഡു വിതരണം

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ചെയ്തത്......ലഡു വിതരണം ചെയ്തത്. *****  അങ്ങയോട് ഒരു കാര്യം ഞാൻ വിനയപൂർവ്വം ആവശ്യപ്പെടുകയാണ്. ഷിബു ബേബിജോണിനേയും ശിവദാസൻ നായരേയും ഡൊമിനിക് പ്രസന്റേഷനേയും എം.എ. വാഹീദിനേയും....... *****വൃത്തികെട്ട അഴിമതി നടത്തിയതിന്റെ പേരിൽ ജയിലിൽ കിടക്കേണ്ട ഒരു മന്ത്രിക്ക് സുരക്ഷാ കവചം ഒരുക്കാൻവേണ്ടി മി. ഉമ്മൻ ചാണ്ടി, നിങ്ങൾ ഖജനാവിൽ നിന്ന് എത്ര കോടികളാണ് പൊടിപൊടിച്ചത്? അഴിമതിയുടെ മഹോത്സവം നടത്തി ജനങ്ങളെ ദ്രോഹിച്ചതും പോരാഞ്ഞിട്ടാണോ അവരുടെ പിച്ചച്ചട്ടിയിൽ നിന്ന് നികുതിയായി പിരിച്ചെടുത്ത കോടികൾ ഇങ്ങനെ ധൂർത്തടിക്കുന്നത്? എത്ര പോലീസുകാരെയാണ് നിങ്ങൾ ഈ നഗരത്തിൽ വിന്യസിപ്പിച്ചത്? അഴിമതി നടത്തി കേരളത്തെ കൊള്ളയടിച്ച ഒരു മന്ത്രി രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടല്ലേ തെരുവുകൾ തോറും യുവതീയുവാക്കൾ സമരവീഥിയിൽ അണിനിരന്നത്. എന്നാൽ കൊടിയ അഴിമതിക്കാരനായ മന്ത്രിയെ രക്ഷിക്കാൻവേണ്ടി നിങ്ങളുടെ പോലീസ് എന്താണ് ചെയ്തുകൂട്ടിയത്? കേരളത്തിലെ തീഷ്ണ യൗവനത്തിന്റെ തല നിങ്ങൾ തല്ലിപ്പൊളിച്ചു. അവരുടെ നട്ടെല്ല് നിങ്ങൾ അടിച്ചുടച്ചു. അവരുടെ ജീവിത സ്വപ്നങ്ങൾ നിങ്ങൾ തല്ലിക്കെടുത്താൻ ശ്രമിച്ചു. മി. ഉമ്മൻ ചാണ്ടി, മി. മാണി, മി. ചെന്നിത്തല...... ഇതിനെല്ലാം നിങ്ങളെക്കൊണ്ട് ജനങ്ങൾ എണ്ണിയെണ്ണി കണക്ക്

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

പറയിപ്പിക്കുമെന്ന്, അതിനൊരു ദിവസം വരുമെന്ന് നിങ്ങൾ ഓർക്കുന്നത് നന്നായിരിക്കുമെന്ന് മാത്രം അനുസ്മരിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു. ഞങ്ങൾ ഈ സഭയിൽ .........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അദ്ദേഹം പറഞ്ഞതിൽ പല അൺപാർലമെന്ററിയായിട്ടുള്ള കാര്യങ്ങളുണ്ട്. അത് പിൻവലിക്കണം. അല്ലെങ്കിൽ അങ്ങ് അത് നീക്കം ചെയ്യണം. അങ്ങ് നീക്കം ചെയ്യണം. ...........(ബഹളം).........

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിൽ.....

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ വീട്ടിൽ അദ്ദേഹത്തിന്റെ മകൻ അരുൺകുമാറാണ് നോട്ടെണ്ണാനുള്ള യന്ത്രം മേടിച്ചുവച്ചത്. അദ്ദേഹത്തിന്റെ മകൻ ........ബഹളം..............

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിൽ വന്നിട്ടുള്ള അൺപാർലമെന്ററിയായ പദങ്ങൾ സഭാ രേഖകളിൽ നിന്നും നീക്കംചെയ്യുന്നു. ചെയറിനെതിരെയും നടത്തിയിട്ടുള്ള പരാമർശങ്ങൾ സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്നു. സഭാരേഖകളിൽ നിന്ന് നീക്കം ചെയ്ത

ഭാഗങ്ങൾ മാധ്യമങ്ങൾ പ്രസിദ്ധീകരിക്കരുതെന്നുകൂടി ചെയർ അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: നടപടിയെടുത്തിട്ടുള്ള അഞ്ച് അംഗങ്ങളും സഭവിട്ട് പുറത്തുപോകണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

നടപടിയെടുത്തിട്ടുള്ള അഞ്ച് അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോകണമെന്ന് വീണ്ടും ചെയർ അഭ്യർത്ഥിക്കുന്നു.

ഇന്നത്തെ സഭാനടപടികളിലുള്ള അടിയന്തരപ്രമേയം, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻസ്, മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ എന്നിവ റദ്ദ് ചെയ്യുന്നു.